പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**04.03.2020 -ലെ മറുപടിയ്ക്ക്**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 899

## തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.രാജൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ.വി.ആർ. സുനിൽകുമാർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ മാറ്റങ്ങൾ, തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്നിവ എന്തൊക്കെയെന്ന് വിശദമാക്കാമോ; | എ) മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പിഴ തുക 500/- രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തി. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകി. സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിന്റെ ജോലി സമയം രാവിലെ 8.30 നും വൈകിട്ട് 7.00 മണിക്കും ഇടയ്ക്ക് 8 മണിക്കൂറാക്കികൊണ്ട് ഉത്തരവായിട്ടുണ്ട്.<br>2018 ലെ കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിന് അനുമതി നൽകുന്നു. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 29 പ്രകാരം കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം യഥാക്രമം ഒരു ലക്ഷം രൂപ , 2 ലക്ഷം രൂപ എന്നിങ്ങനെ |

വർദ്ധിപ്പിച്ചിട്ടുണ്ട്.

ബോണ്ടഡ് ലേബർ നിയമം വകുപ്പ് 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്ക് കൂടി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2 (s)ൽ ക്ലറിക്കൽ അല്ലെങ്കിൽ സൂപ്പർവൈസർ തസ്തിക എന്നതിന്റെ കൂടെ 'any work for the promotion of sales' എന്നതുകൂടെ കൂട്ടിച്ചേർത്തിട്ടുണ്ട്.

1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 എ-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2017 ലെ പ്രസവാനുകൂല്യ ഭേദഗതി നിയമ പ്രകാരം പ്രസവകാല അവധി 12 ആഴ്ച്ച എന്നത് **26** ആഴ്ച്ച ആക്കിയിട്ടുണ്ട്. ഇത് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകമാക്കുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ബി) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള അവകാശം നൽകിയതിന് ശേഷം ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

ബി) ഉണ്ട്. സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വന്നതിനെതുടർന്ന് തൊഴിലുടമകൾ തൊഴിലാളികൾക്ക് ഇരിപ്പിടം നൽകുന്നുണ്ട്. ആയത് ഉറപ്പ് വരുത്തുന്നതിനായി തൊഴിലുടമകൾക്കും തൊഴിലാളികൾക്കും വേണ്ട നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകുകയും ചെയ്തു വരുന്നു. ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തിയതിലൂടെ ജീവനക്കാർ സ്ഥിരമായി നിന്നുകൊണ്ടു ജോലി ചെയ്യുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്.

സി)ഇരിക്കുന്നതിനുള്ള അവകാശം പ്രാവർത്തികമാക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

സി) പ്രാവർത്തികമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടത്തിയ സ്പെഷ്യൽ ഡ്രൈവുകളിലും ജില്ലാതല സ്ക്വാഡുകളിലുമായി സംസ്ഥാന മൊട്ടാകെയുള്ള 588 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ്

നൽകി തുടർനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ), അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന പതിവ് പരിശോധനകളിൽ ഇരിപ്പിട സൗകര്യം നൽകിയിട്ടുണ്ട് എന്നത് ഉറപ്പ് വരുത്തുന്നുണ്ട്.

ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകളും വിതരണം നടത്തിയിട്ടുണ്ട്.

ഡി) 1947-ലെ വ്യാവസായിക തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സംസ്ഥാനത്തെ സെയിൽസ് പ്രമോഷൻ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

ഡി) ഉണ്ട്. Industrial Disputes (Kerala Amendment Act) 2017 അനുസരിച്ച് വകുപ്പ് 2(s)-ൽ സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെക്കൂടി 'തൊഴിലാളി' എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇ) പ്രസ്തുത നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

ഇ) ലഭ്യമായിട്ടുണ്ട്.

എഫ്) മിനിമം വേതന നിയമപ്രകാരമുള്ള വേതനം എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മിനിമം വേതന നിയമത്തിൽ സംസ്ഥാന സർക്കാർ വരുത്തിയ ഭേദഗതികൾ എന്തെല്ലാമെന്നും ആയതിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ?

എഫ്) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സംസ്ഥാനത്ത് ഒട്ടാകെയുള്ള കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്-1961, പേയ്മെന്റ് ഓഫ് ബോണസ് ആക്ട്-1965, പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി കേസുകളും ഫയൽ ചെയ്തു വരുന്നു.

1960-ലെ കേരളാ ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വകുപ്പ് 18 പ്രകാരം തുടർച്ചയായി 6 മാസത്തിൽ കുറയാത്ത സേവനമുള്ള തൊഴിലാളിയെ പ്രത്യേക കാരണം കൂടാതെയോ ഒരു

മാസത്തെ നോട്ടീസ്/വേതനം നൽകാതെയോ പിരിച്ചുവിടുവാൻ തൊഴിലുടമയ്ക്ക് അധികാരമില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം സംഭവിക്കുകയാണെങ്കിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതാണ്.

കേരള മിനിമം വേതന ചട്ടം 1958 -ൽ 2015 -ൽ വരുത്തിയ ഭേദഗതിയിലൂടെ ചട്ടം 21 എ -യിൽ WPS (IT enabled Payment of Wages) കൊണ്ടുവന്നിട്ടുണ്ട്. ഇപ്രകാരം WPS മുഖാന്തിരം വേതനം ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ മിനിമം വേതനം നൽകുന്നുണ്ടോ എന്ന് സ്ഥാപന പരിശോധന കൂടാതെ അറിയാവുന്നതാണ്. മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പിഴ തുക 500/- രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തി. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകി.

മിനിമം വേതന നിയമപ്രകാരമുള്ള ഭേദഗതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**